# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1376 — 21.03.2012 ലെ മറുപടിക്ക്

**കഴക്കൂട്ടം സഹകരണ സ്പിന്നിംഗ് മില്ലിന് പ്രവർത്തന മൂലധനം അനുവദിച്ചതിൽ ക്രമക്കേടുണ്ടെന്ന ആരോപണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം.പാലിശ്ശേരി | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും കഴക്കൂട്ടം സഹകരണ സ്പിന്നിംഗ് മില്ലിന് അഞ്ച് ലക്ഷം രൂപ പ്രവർത്തന മൂലധനം നൽകിയത് സഹകരണ സംഘം രജിസ്ട്രാരുടെ അനുമതി പ്രകാരമാണോ; | എ) യും ബി) യും സഹകരണ സംഘം രജിസ്ട്രാരുടെ അനുമതി പ്രകാരമല്ല. |
| ബി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | |
| സി) കഴക്കൂട്ടം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ചീഫ് പ്രമോട്ടർ ആരായിരുന്നു; | സി) ശ്രീ. സി.പി.ജോൺ |
| ഡി) സ്പിന്നിംഗ് മിൽ പ്രവർത്തനം ആരംഭിച്ചിരുന്നുവോ; | ഡി) യും ഇ) യും സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| ഇ) എങ്കിൽ എന്നു മുതൽ തുടങ്ങിയെന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ; | |
| എഫ്) സഹകരണ സംഘം രജിസ്ട്രാരുടെ അനുമതിയില്ലാതെ ഒരു സർവ്വീസ് സഹകരണ ബാങ്കിന് മറ്റൊരു സഹകരണ സ്ഥാപനത്തിൽ ഷെയർ എടുക്കുവാൻ കഴിയുമോ; | എഫ്) കഴിയില്ല. |

ജി) ചട്ടങ്ങളും മാനദണ്ഡങ്ങളും മറികടന്ന് തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്ക് കഴക്കൂട്ടം സഹകരണ സ്പിന്നിംഗ് മില്ലിന് നൽകിയ അഞ്ച് ലക്ഷം രൂപയും പലിശയും പിഴ പലിശയും തിരിച്ച് പിടിക്കുന്നതിനും സ്പിന്നിംഗ് മിൽ ചീഫ് പ്രൊമോട്ടർക്കും സഹകരണ സംഘം ഭരണ സമിതിക്കും എതിരെയും സഹകരണ വകുപ്പ് ഇതേ വരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

ജി) കഴക്കൂട്ടം സഹകരണ സ്പിന്നിംഗ് മില്ലിന് തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്ക് നൽകിയ 5 ലക്ഷം രൂപ തിരികെ ലഭിക്കുന്നതിന് ബാങ്ക് ജോയിന്റ് രജിസ്ട്രാർ മുമ്പാകെ 79/99 നമ്പരായി ഒരു ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുകയും 13.06.2002-ൽ ജോയിന്റ് രജിസ്ട്രാർ അവാർഡ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ വിജിലൻസ് അന്വേഷണവും നടക്കുന്നുണ്ട്.

എച്ച്) എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

എച്ച്) അവാർഡിന്മേലും, വിജിലൻസ് റിപ്പോർട്ടിന്മേലും ഇതുവരെ ബാങ്ക് സ്വീകരിച്ച നടപടി വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**